"ഭരണഭാഷ-മാതൃഭാഷ"


ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in


തീയതി : 27-04-2020

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

## സർക്കുലർ നം 34

താഴെപ്പറയുന്ന കാര്യങ്ങളിൽ സർക്കുലർ മുഖാന്തിരം ആവർത്തിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണെങ്കിലും അവ പാലിക്കുന്നതിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

1. എല്ലാ ഉദ്യോഗസ്ഥരും അന്തേവാസികളും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ടായിട്ടും ആയത് നടപ്പിലാക്കി കാണുന്നില്ല
2. പല ജയിലുകളിലും വലുതും ചെറുതുമായ തെരുവു വിളക്കുകൾ പകൽ സമയത്ത് പോലും ഓഫ് ചെയ്യാതെ കിടക്കുന്നു.
3. ജയിലിലെ അന്തേവാസികൾക്ക് തൊട്ടടുത്ത് കൂടി ജയിൽ ഉദ്യോഗസ്ഥരോ സീനിയർ ഓഫീസേഴ്സോ കടന്നു പോയാൽ " നമസ്കാരം സർ" എന്ന് ഉറക്കെ പറയുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നിട്ടും അത് പാലിച്ച് കാണുന്നില്ല.
4. സർക്കാരിൻ്റെയോ വകുപ്പ് മേധാവിയുടെയോ അനുവാദമില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്നത് കൃത്യമായി പാലിക്കുന്നില്ല
5. ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്ന ജയിൽ ഉദ്യോഗസ്ഥർ ഹെൽമെറ്റ് ധരിക്കണമെന്നും 4 വീലർ ഓടിക്കുന്നവർ സീറ്റ് ബെൽറ്റ് ധരിക്കണമെന്നുമുള്ള നിർദ്ദേശവും പാലിച്ച് കാണുന്നില്ല
6. പല ജയിലുകളുടേയും കൃഷിത്തോട്ടവും ഗ്രീൻ ഹൌസും ഒരു പണിയും ചെയ്യാതെ വെറുതെ തരിശിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു
7. അതീവ സുരക്ഷാ മേഖലയായ ജയിൽ പരിസരങ്ങളിൽ പോലും ജോലി സമയത്ത് ജയിൽ ഉദ്യോഗസ്ഥർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ മേലുദ്യോഗസ്ഥരുടേയും സ്ഥാപന മേധാവികളായ സൂപ്രണ്ടുമാരുടേയും അശ്രദ്ധയും കൃത്യ വിലോപവും ജയിൽ വകുപ്പ് അധ്യക്ഷൻ്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിലുള്ള വീഴ്ചയും ഒരളവ് വരെ ഉണ്ടായിട്ടുണ്ട്. ഈ അറിയിപ്പ് ലഭ്യമായാൽ ഉടൻ മേൽനോട്ട കുറവ് സംഭവിച്ചിട്ടുള്ള മേൽപ്പടി കാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. സംഭവിക്കുന്ന വീഴ്ചകൾക്ക് സൂപ്രണ്ടുമാർ ഉത്തരവാദികളായിരിക്കുമെന്ന് ഓർമ്മിപ്പിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ് ആൻ്റ് കറക്ഷണൽ സർവ്വീസസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

DIG(HQ)-9338/2020/PrHQ

e73fbd